# കേരളത്തിൽ രാഷ്ട്രീയ മാറ്റത്തിൻെറ ചൂളംവിളി...

(ഒന്നാം പേജ് തുടർച്ച)

കണ്ണൂരിലെ വിജയം കോൺഗ്രസിന് ഇരട്ടി മധുരം നൽകുമ്പോൾ ആലപ്പുഴയിലെ വിജയത്തിന് മധുരം കുറഞ്ഞെന്നു മാത്രമല്ല ഇത്തിരി കയ്പിൻെറ രുചിയുമുണ്ട്. എൽ ഡി എഫ് തരംഗമുണ്ടായിരുന്ന 2006 ൽ കെ സി വേണുഗോപാലിന് ആലപ്പുഴയിൽ 16000 ൽപ്പരം വോട്ടിൻെറ ഭൂരിപക്ഷം കിട്ടിയിരുന്നു. എന്നാൽ ഇപ്പോൾ ഉപതിരഞ്ഞെടുപ്പിൽ എ എ ഷുക്കൂറിൻെറ ഭൂരിപക്ഷം 4745 ൽ ഒതുങ്ങി. വിജയിച്ചെങ്കിലും ഷുക്കൂറിൻെറ ഭൂരിപക്ഷം നാലിലൊന്നായി ചുരുങ്ങിയതിനുള്ള പ്രധാന കാരണം സ്ഥാനാർഥിയുടെ സ്വീകാര്യതക്കുറവാണെന്ന് പറയാതെവയ്യ. ഇതിന് പല കാരണങ്ങൾ കാണാം. അതിലൊന്ന് എൻ എസ് എസിൻെറ പരസ്യ നിലപാടായിരിക്കാം. മൂന്ന് സീറ്റുകളിൽ ഒന്നിൽപ്പോലും ഒരു ഹിന്ദുവിനെ കോൺഗ്രസ് നിർത്താത്തതിൽ അമർഷമുണ്ടെന്നായിരുന്നു എൻ എസ് എസിൻെറ പരസ്യ നിലപാട്. ആലപ്പുഴയിലെ വോട്ട് ചോർച്ച കോൺഗ്രസിൽ ചർച്ച ചെയ്യപ്പെടുമെന്ന് കരുതാം. ചർച്ച ചെയ്യപ്പെടണം.

എറണാകുളത്ത് 8620 വോട്ടുകളുടെ ഭൂരിപക്ഷത്തിന് കോൺഗ്രസിൻെറ ഡൊമനിക് പ്രസൻേറഷൻ വിജയിച്ചപ്പോൾ 2006 ലെ കെ വി തോമസിൻെറ ഭൂരിപക്ഷം മറികടക്കാൻ കഴിഞ്ഞത് യു ഡി എഫിന് അഭിമാനമായി. പക്ഷേ, കണ്ണൂരിലേയും എറണാകുളത്തേയും തിളക്കം ആലപ്പുഴയിൽ കിട്ടാതെ പോയി.

ഒരു നിർണായക ശക്തിയായി കേരളത്തിൽ ബി ജെ പിക്ക് വളരാനാകില്ല എന്ന് ഈ തിരഞ്ഞെടുപ്പും തെളിയിച്ചു. അതിനുള്ള രാഷ്ട്രീയ സാമൂഹിക സാഹചര്യങ്ങൾ കേരളത്തിൽ ഇല്ലെന്ന് കാണാം. വോട്ടിംഗ് ശതമാനം ഇത്തിരി കൂടി എന്നത് മാത്രമാണ് ബി ജെ പിയുടെ ഏക ആശ്വാസം. ഇക്കുറി വോട്ടു കച്ചവടം നടക്കാഞ്ഞത് കൊണ്ടാണോ അത്?

ഏതായാലും കോൺഗ്രസിൻെറ കൈയിലുണ്ടായിരുന്ന മൂന്ന് സീറ്റുകളും അവർ നിലനിർത്തി, അത്രമാത്രം എന്ന് നിസാരവൽക്കരിക്കുന്നതുകൊണ്ട് എൽ ഡി എഫും സി പി എമ്മിനും ഗുണമൊന്നും കിട്ടില്ല. ഈ ഉപതിരഞ്ഞെടുപ്പ് ഫലം കോൺഗ്രസിനും കേരളത്തിലെ യു ഡി എഫും ഒരു വിജയംതന്നെയാണെന്നും വരാനിരിക്കുന്ന പഞ്ചായത്ത് നിയമസഭാ പൊതു തിരഞ്ഞെടുപ്പുകളിലേക്കുള്ള വ്യക്തമായ ചൂണ്ടുപലകയാണെന്നും വിലയിരുത്താം.



*യു.ഡി.എഫ് സ്ഥാനാർത്ഥികളുടെ വിജയത്തെതുടർന്ന് കെ.പി.സി.സി ആസ്ഥാനത്ത് ഉമ്മൻചാണ്ടിക്ക് ജി. കാർത്തികേയനും തലേക്കുന്നിൽ ബഷീറും മധുരം നൽകുന്നു.*

**BUSINESS FOR SALE**

Grocery shop in
prominant Northern suburbs location,

Business has been running
for over 15 years with a solid customer base.

For more info please contact 0430 934 477.

Looking for Job,
Accomadation, Car?

Call: 0403 681489

No worries

